



**1. ആർക്കൊക്കെ ഈ വായ്പാ പദ്ധതിയ്ക്ക് അപേക്ഷിക്കാൻ കഴിയും ?**

ഉ: വിദേശത്ത് 2 വർഷമെങ്കിലും ജോലി ചെയ്ത / താമസിച്ച വ്യക്തികൾ കോവിഡ് പശ്ചാത്തലത്തിൽ അവിടെ നിന്ന് നാട്ടിൽ സ്ഥിരതാമസമാക്കാൻ തിരിച്ചെത്തുകയും , ഇവിടെ സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ ഉപജീവനത്തിനായി തുടങ്ങി വെയ്ക്കുകയോ തുടങ്ങി വെയ്ക്കാനുള്ള ഒരുക്കത്തിലോ ആണെങ്കിൽ, അവർക്ക് ഈ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്

**2. കോവിഡ് പശ്ചാത്തലത്തിലാണ് അവർ മടങ്ങിയെത്തിയത് എന്നതിന് പ്രത്യേകം തെളിവുകൾ ആവശ്യമുണ്ടോ?**

ഉ: വേണ്ട. 1/4/ 2020 ന് ശേഷം കേരളത്തിൽ സ്ഥിരതാമസമാക്കാൻ തിരിച്ചെത്തിയ എല്ലാ പ്രവാസികളേയും കോവിഡ് പശ്ചാത്തലത്തിൽ തിരിച്ചെത്തിയവർ ആയാണ് കരുതേണ്ടത്.

**3. അപ്പോൾ 1/4/ 2020 ന് മുമ്പ് കേരളത്തിൽ സ്ഥിരതാമസമാക്കാൻ തിരിച്ചെത്തിയവരും സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവരുമായ പ്രവാസികളെ ഈ വായ്പയ്ക്ക് പരിഗണിക്കില്ലേ?**

ഉ: പ്രത്യേക സാഹചര്യത്തിൽ മാത്രമേ അവരെ പരിഗണിക്കൂ. ശാഖകൾ അത്തരം കേസുകൾ പ്രത്യേക പരിഗണനയ്ക്കായി ശുപാർശ ചെയ്ത് മേഖല ഓഫീസിലേയ്ക്ക് അയക്കേണ്ടതുണ്ട്. മേഖല ആണ് ഇത്തരം അപേക്ഷകൾ പരിശോധിച്ച് സ്വീകരിക്കണോ വേണ്ടയോ എന്ന കാര്യത്തിൽ തീരുമാനം എടുക്കുക.

**4. പരമാവധി എത്ര തുക വരെ വായ്പ ലഭിക്കും?**

ഉ: പരമാവധി 5 ലക്ഷം രൂപ വരെയാണ് വായ്പ ലഭിക്കുക. ഏറ്റവും ചുരുങ്ങിയത് 1 ലക്ഷം രൂപ.

**5. എത്രയാണ് പലിശ നിരക്ക്?**

ഉ: 9% പലിശ നിരക്കാണ് ഈ വായ്പയ്ക്കുള്ളത്. ഓരോ മാസവും മുതലിലേയ്ക്ക് അടയ്ക്കുന്ന തുക കുറച്ച് ബാക്കി സംഖ്യയ്ക്ക് മാത്രമാണ് പലിശ കണക്കാക്കുക ( Monthly diminishing System) .അതായത് കൃത്യമായി തിരിച്ചടവു നടത്തുന്ന വ്യക്തിയ്ക്ക് മാസം തോറും പലിശയിനത്തിൽ അടക്കേണ്ട സംഖ്യ കുറഞ്ഞു വരുന്നതാണ് 9% ആണ് പലിശ നിരക്ക് എങ്കിലും നോർക്ക റൂട്ട്സ് 3% പലിശ സബ്സിഡി അനുവദിച്ചിട്ടുള്ളതിനാൽ വായ്പക്കാർ 6% പലിശ നിരക്ക് മാത്രമേ ഫലത്തിൽ വഹിക്കേണ്ടി വരുന്നുള്ളൂ.

**6. വായ്പാ സംഖ്യ തിരിച്ചടക്കുന്നതിൽ എന്തെങ്കിലും സബ്സിഡി നോർക്ക അനുവദിച്ചു നൽകുന്നുണ്ടോ?**

ഉ: ഉണ്ട്. വായ്പയെടുത്ത സംഖ്യയുടെ 25% (പരമാവധി 1 ലക്ഷം രൂപ വരെ) തുക നോർക്ക, കൃത്യമായി തവണ സംഖ്യകൾ തിരിച്ചടക്കുന്ന വായ്പക്കാർക്ക് മൂലധന സബ്സിഡിയായി അനുവദിക്കുന്നതാണ്. അതിനാൽ സബ്സിഡി തുകയ്ക്ക് തുല്യമായ വായ്പാ സംഖ്യ (മുതൽ) വരുന്ന അവസാന തവണകൾ കൃത്യമായി വായ്പ തിരിച്ചടക്കുന്നവർക്ക് അടക്കേണ്ടി വരില്ല.

**7. അതായത് കൃത്യമായി തിരിച്ചടവ് നടത്തുന്ന വായ്പക്കാർക്ക് വായ്പാ സംഖ്യയിൽ 25% വും (പരമാവധി 1 ലക്ഷം രൂപ) പലിശനിരക്കിൽ 3% വും നോർക്കയിൽ നിന്ന് സബ്സിഡിയായി അനുവദിച്ചു കിട്ടുന്നതാണ് ?**

ഉ: അതെ. വായ്പാസംഖ്യയ്ക്കുള്ള മൂലധന സബ്സിഡി അവസാനതവണകളിൽ ആണ് വായ്പയിലേയ്ക്ക് വരവ് വെച്ച് നൽകുക എന്ന് മാത്രം.

**8. വായ്പാസബ്സിഡി തുക അനുവദിച്ച് കിട്ടുന്നതിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ?**

ഉ: തീർച്ചയായും. കൃത്യമായ തിരിച്ചടവ് ആണ് പ്രധാന മാനദണ്ഡം. വായ്പാ കാലയളവിലെ ഏതെങ്കിലും സാമ്പത്തിക വർഷാവസാനത്തിൽ മൂന്നോ അതിലധികമോ തവണ തിരിച്ചടവ് മുടക്ക് വരുത്തിയ വായ്പക്കാർക്ക് മൂലധന സബ്സിഡി അനുവദിക്കുന്നതല്ല. അതോടൊപ്പം സബ്സിഡി അനുവദിച്ചു നൽകുന്ന സമയത്ത് വായ്പയിൽ മുടക്ക് ഉണ്ടാകാൻ പാടുള്ളതുമല്ല. സംരംഭത്തിനായി എടുത്ത വായ്പ മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചു എന്ന് ബോധ്യപ്പെടുന്ന സാഹചര്യങ്ങളിലും മൂലധന സബ്സിഡി അനുവദിച്ചു തരുന്നതല്ല.

**9. തിരിച്ചടവിന്റെ കാലാവധി എത്ര മാസമാണ് ?**

36 മുതൽ 48 മാസം വരെയുള്ള തിരിച്ചടവ് കാലാവധി ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്

**10. ജാമ്യവ്യവസ്ഥകൾ എന്തൊക്കെയാണ് ?**

ഉ: കെ എസ് എഫ് ഇ യുടെ വായ്പാ പദ്ധതികളിൽ നിലവിലുള്ള ജാമ്യവ്യവസ്ഥ തന്നെയാണ് ഇതിലും. വ്യക്തി ജാമ്യം (ശമ്പള സർട്ടിഫിക്കറ്റ് ), ലൈഫ് ഇൻഷുറൻസ് പോളിസി ( സറണ്ടർ വാല്യൂ), കിസാൻ വികാസ് പത്ര, ബാങ്ക് ഗ്യാരണ്ടി, സ്ഥിര നിക്ഷേപ രശീതികൾ, സ്വർണ്ണം , വസ്തു ജാമ്യം തുടങ്ങിയവ സ്വീകരിക്കുന്നതാണ് . ജാമ്യവ്യവസ്ഥയെ സംബന്ധിച്ച വിശദവിവരങ്ങൾ ശാഖാ മാനേജർ വിശദീകരിച്ച് തരുന്നതാണ്.

**11. വസ്തു ജാമ്യമാണ് നൽകുന്നതെങ്കിൽ എത്ര വിലമതിക്കുന്ന വസ്തുവാണ് നൽകേണ്ടത്?**

ഉ: ഇത് ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയായതിനാൽ ഭാവി ബാധ്യതയുടെ (വായ്പാ സംഖ്യ + പലിശ ) അത്ര തന്നെ മാർക്കറ്റ് വിലയുള്ള വസ്തു നൽകിയാൽ മതി (കെ എസ് എഫ് ഇ യുടെ സാധാരണ വായ്പാ പദ്ധതികളിൽ ഭാവി ബാധ്യതയുടെ ഇരട്ടി മാർക്കറ്റ് വിലയുള്ള വസ്തുവാണ് ജാമ്യമായി സ്വീകരിക്കുക)

**12. അപേക്ഷ ഫോറത്തിന് ഫീ ഏർപ്പെടുത്തിയിട്ടുണ്ടോ?**

ഉ: ഇല്ല. കെ എസ് എഫ് ഇ ശാഖകളിൽ നിന്ന് അപേക്ഷ സൗജന്യമായി കൈപ്പറ്റാവുന്നതാണ്

**13. മറ്റ് എന്തൊക്കെ ചിലവുകൾ ആണ് അപേക്ഷകർ വഹിക്കേണ്ടത് ?**

ഉ: അപേക്ഷ സമർപ്പിക്കുമ്പോൾ നൂറ് രൂപ പ്രോസസ്സിംഗ് ഫീ ആയി അപേക്ഷകർ കെ എസ് എഫ് ഇ ശാഖയിൽ അടക്കേണ്ടതാണ്. വസ്തുവാണ് ജാമ്യമായി സമർപ്പിക്കുന്നതെങ്കിൽ നിർദ്ദിഷ്ട ലീഗൽ സ്ക്രൂട്ടിനി ഫീ, വാല്യുവേഷൻ ഫീ എന്നിവ അടക്കേണ്ടതാണ്. (നിലവിൽ കെ എസ് എഫ് ഇ യുടെ മറ്റ് വായ്പകൾക്ക് നിലവിലുള്ള ലീഗൽ സ്ക്രൂട്ടിനി ഫീയുടേയും വാല്യുവേഷൻ ഫീയുടേയും 50% തുക മാത്രമേ ഈ പദ്ധതിയിൽ ഈടാക്കുന്നുള്ളൂ. വായ്പ അനുവദിക്കുന്ന സമയത്ത് 200 രൂപയുടെ മുദ്രപത്രം എഗ്രിമെന്റിനായി അപേക്ഷകർ സമർപ്പിക്കേണ്ടതാണ്. ഡോക്യുമെന്റേഷൻ ചാർജും പോസ്റ്റേജ് ചാർജും ഈ പദ്ധതിയിൽ ഒഴിവാക്കിയിരിക്കുന്നു.

**14 . എന്തൊക്കെ രേഖകൾ ആണ് പൂരിപ്പിച്ച അപേക്ഷയ്ക്കൊപ്പം ശാഖയിൽ നൽകേണ്ടത്?**

**ഉ:** പൂരിപ്പിച്ച അപേക്ഷയ്ക്കും അനു ബന്ധ രേഖകൾക്കുമൊപ്പം കെ എസ് എഫ് ഇ അനുശാസിക്കുന്ന കെ വൈ സി രേഖകളും പാസ്പോർട്ടിന്റെ ആവശ്യമായ പേജുകളുടെ ( ആദ്യ പേജ്, അവസാന പേജ്, വിസ സ്റ്റാമ്പ് ചെയ്ത പേജ്, EXIT മുദ്രണം ചെയ്ത പേജ്, അവസാന യാത്ര മുദ്രണം ചെയ്ത പേജ് ) പകർപ്പും റേഷൻ കാർഡിന്റെ വിശദവിവരങ്ങൾ അടങ്ങുന്ന പേജുകളുടെ പകർപ്പും സമർപ്പിക്കണം. അവ ഒത്തുനോക്കുന്നതിനായി ഒറിജിനൽ പാസ്പോർട്ടും റേഷൻ കാർഡും ഹാജരാക്കേണ്ടതാണ്. തുടങ്ങാൻ ഉദ്ദേശിക്കുന്ന/തുടങ്ങിയ സംരംഭത്തിന്റെ പ്രൊജക്റ്റ് റിപ്പോർട്ടോ ലൈസൻസോ ബന്ധപ്പെട്ട രേഖകളോ അപേക്ഷകളുടെ കൂടെ ഹാജരാക്കേണ്ടതാണ്.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിപത്രം ആവശ്യമായ സംരംഭങ്ങളിൽ അതും ഹാജരാക്കേണ്ടതാണ്.

**15. അപേക്ഷകളിൽ തീർപ്പ് കല്പിക്കുക എങ്ങനെയാണ്?**

**ഉ:** പാസ്പോർട്ട് രേഖകൾ പരിശോധിച്ച് നോർക്ക റൂട്ട്സ് നൽകുന്ന കൺഫർമേഷൻ സർട്ടിഫിക്കറ്റിന്റേയും സംരംഭത്തിന്റെ വിശദ വിവരങ്ങൾ പരിശോധിച്ച് കെ എസ് എഫ് ഇ ശാഖാ മാനേജർ എത്തിച്ചേരുന്ന നിഗമനത്തിന്റേയും അടിസ്ഥാനത്തിലാണ് വായ്പ അനുവദിക്കുക. സംരംഭത്തിനല്ലാതെ മറ്റ് കാര്യങ്ങൾക്ക് വായ്പാതുക ചെലവഴിക്കാൻ പാടുള്ളതല്ല.

**16. തിരിച്ചടവ് എങ്ങനെയാണ്?**

**ഉ:** എല്ലാ മാസവും ഒരു നിശ്ചിത സംഖ്യയാണ് അടക്കേണ്ട ഒരു നിശ്ചിത തീയ്യതി ലോൺ തിരിച്ചടക്കാനുള്ള തീയ്യതിയായി നിജപ്പെടുത്തി നൽകുന്നതാണ്. ആ തീയ്യതിക്കോ അതിന് മുമ്പോ തവണ സംഖ്യ അടക്കേണ്ടതാണ്. കെ എസ് എഫ് ഇ ശാഖയിൽ നേരിട്ട് ചെന്നോ മറ്റു ശാഖകൾ വഴിയോ കെ എസ് എഫ് ഇ യിൽ നിലവിലുള്ള ഓൺലൈൻ സംവിധാനം വഴിയോ ചെക്ക് / ഡ്രാഫ്റ്റ് / മണിയോർഡർ സംവിധാനങ്ങൾ വഴിയോ തിരിച്ചടവ് നടത്താവുന്നതാണ്. ശാഖാ മാനേജരോട് തിരിച്ചടവ് രീതികളെ കുറിച്ച് വിശദമായി ചോദിച്ചറിയേണ്ടതാണ്

**17. തവണസംഖ്യ അടക്കാൻ വൈകിയാൽ എന്താണ് സംഭവിക്കുക?**

**ഉ:** തവണസംഖ്യ അടക്കാൻ വൈകിയാൽ ഓരോ മാസവും അടക്കേ നിശ്ചിത തുകയ്ക്ക് മേൽ ( EMI ) 12% പിഴപ്പലിശ ചുമത്തുന്നതാണ്.

**18. ഒരു വ്യക്തിയ്ക്ക് ഈ പദ്ധതിയിൽ ഒന്നിൽ കൂടുതൽ വായ്പകൾ എടുക്കാൻ അർഹത ഉണ്ടോ?**

**ഉ:** ഇല്ല.

**19. ഒരു കുടുംബത്തിലെ ഒന്നിൽ കൂടുതൽ വ്യക്തികൾക്ക് ഈ വായ്പ അനുവദിക്കുമോ?**

**ഉ:** ഇല്ല.

**20. ഈ പദ്ധതിയുടെ കാലാവധി എന്ന് വരെ ആണ്?**

**ഉ:** 2022 മാർച്ച് 31 വരെയാണ് ഈ പദ്ധതിയുടെ കാലാവധി. അപേക്ഷകർ ആ തീയ്യതിക്ക് മുമ്പ് അപേക്ഷാ ഫോറം കൈപ്പറ്റേണ്ടതാണ്.

**21. എല്ലാവർക്കും 5 ലക്ഷം രൂപ വായ്പ ലഭിക്കുമോ?**

**ഉ:** ഇല്ല. സംരംഭം പരിശോധിച്ച് അതിന് അനുസൃതമായ രീതിയിൽ വായ്പാതുക നിജപ്പെടുത്തുന്നതാണ്.

**22. ഏതൊക്കെ സംരംഭങ്ങൾക്കാണ് വായ്പ ലഭിക്കുക?**

**ഉ:** കാർഷിക, സേവന, കച്ചവട, മേഖലയിലെ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്നതാണ്. ആട്, കോഴി, പശു വളർത്തൽ, സ്വയം തൊഴിലിനായി വാഹനങ്ങൾ വാങ്ങിക്കൽ, കച്ചവട സ്ഥാപനങ്ങൾ ആരംഭിക്കാൻ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങാൻ തുടങ്ങി വരുമാനം ഉല്പാദിപ്പിക്കുന്ന മേഖലകളിൽ സംരംഭം തുടങ്ങുന്നവർക്കാണ് വായ്പ ലഭിക്കുക.

**കൂടുതൽ സംശയ നിവാരണങ്ങൾക്ക് താഴെപറയുന്ന കെ എസ് എഫ് ഇ നോഡൽ ഓഫീസർമാരുമായി ബന്ധപ്പെട്ടാൽ മതി**

KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)


ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ ൫൧൦, തൃശ്ശൂർ ൨൦.
Ph: 0487-2332255. Fax: 0487-2336232 , mail: mail@ksfe.com


KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)

NORKA ROOTS

# കെ.എസ്.എഫ്.ഇ – നോർക്ക റൂട്ട്സ് പ്രവാസി ഭദ്രത മൈക്രോ സ്കീം (PBMS) സംബന്ധിച്ച് ഉണ്ടായേക്കാവുന്ന ചോദ്യങ്ങളും അവയ്ക്കുള്ള മറുപടികളും (FAQ)